## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

02.07.2014-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5807

### വിനോദസഞ്ചാര കേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളിലൂടെ വികസിപ്പിക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പ്രധാനപ്പട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളിലൂടെ വികസിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കേരളത്തിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമിട്ട് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സുസ്ഥിരവും, സമഗ്രവും പ്രകൃതി സൗഹൃദവുമായ വികസന റിപ്പോർട്ട് 30 വർഷത്തെ കാഴ്ച പ്പാടോടുകൂടി തയ്യാറാക്കുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ദേശീയതലത്തിലുള്ള ഏജൻസികളിൽ നിന്നും കോമ്പറ്റീറ്റീവ് ബിഡിംഗിലൂടെയാണ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നത്. ഓരോ കേന്ദ്രത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ഏജൻസിയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1. കുമരകം - ഫോർട്ട് ട്രസ്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, മുംബൈ.<br>2. കോവളം പൂവ്വാർ ടൂറിസം കോറിഡോർ - ഫോർട്ട് ട്രസ്റ്റ് |

| | | |
|---|---|---|
| | | ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, മുംബൈ.<br>3. ഫോർട്ട് കൊച്ചി - സ്റ്റാന്റാക് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദാബാദ്.<br>4. തേക്കടി ഐഎൽ & എഫ്.എസ്സ്. എൻവിറോൺമെന്റൽ ഇന്റഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ്, മുംബൈ |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) കുമരകം, കോവളം-പൂവ്വാർ ടൂറിസം കോറിഡോർ, ഫോർട്ട് കൊച്ചി, തേക്കടി എന്നീ കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഗോൾഡൻ വാലി, കാലടി - മലയാറ്റൂർ - അതിരപ്പള്ളി ടൂറിസം സർക്യൂട്ട്, അഷ്ടമുടി, നിലമ്പൂർ, കക്കയം - പെരുവണ്ണാമൂഴി എന്നീ കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ